(ഇ) നാല് സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ വേണ്ടവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി. എൻഡോസൾഫാൻ തളിക്കുന്നത് നിർത്തിവയ്ക്കാൻ കർശന നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

(എഫ്) ഇപ്പോൾ സൗജന്യ മെഡിക്കൽ ക്യാമ്പുകളും ആവശ്യമായ ഘട്ടത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ക്യാമ്പുകളും നടത്തുന്നുണ്ട്. കാസർഗോഡ് ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ തുടർചികിത്സക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

കേരളത്തിലെത്തുന്ന വിദേശ പൗരൻമാർ വസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച നിയമം

185 [1661] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് വിസയിൽ കേരളത്തിലെത്തുന്ന വിദേശ പൗരൻമാർക്ക് കേരളത്തിൽ വസ്തുക്കൾ വാങ്ങാൻ നിയമം അനുവദിക്കുന്നണ്ടോ; ഇങ്ങനെ വാങ്ങുന്ന വസ്തുക്കളുടെ ആധാരം രജിസ്റ്റർ ചെയ്തുകൊടുക്കാൻ നിയമതടസ്സമുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ 2002 ജൂലൈയിൽ ഇത്തരത്തിലുള്ള ഏതെങ്കിലും രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ അത് ആരാണെന്നും ഈ രജിസ്ട്രേഷൻ നിയമാനുസൃതമാണോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചു വരുന്നു.

കോട്ടയം പ്രിൻസിപ്പൽ സബ്രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ വിശദാംശം

186 [1662] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിൽ 3878/02 നമ്പരായി ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അത് ആരാണ്; അയാൾ വിദേശിയാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസ്റ്റ് വിസയിൽ ഇന്ത്യയിൽ വന്നിട്ടുള്ള വിദേശി നടത്തിയിട്ടുള്ള പ്രസ്തുത രജിസ്ട്രേഷൻ നിയമാനുസൃതമുള്ളതാണോ; അല്ലെങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം

187 [1663] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് മണ്ഡലത്തിലെ ഏതെല്ലാം രജിസ്ട്രാർ ഓഫീസുകൾക്കാണ് സ്വന്തമായ കെട്ടിടമില്ലാത്തത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബളാൽ, നീലേശ്വരം, രാജാപുരം എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസ്റ്റ് വിസയിൽ കേരളത്തിലെത്തിയ സ്കന്ദകുമാർ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ അന്വേഷണം

188 [1664] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് വിസയിൽ കേരളത്തിലെത്തിയ സ്കന്ദകുമാർ, കോട്ടയം അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിലും കോട്ടയം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലും, വസ്തു വാങ്ങിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഇവ രണ്ടിലും പിതാവിന്റെ പേരും വയസ്സും ഒന്നു തന്നെയാണോ;

(സി) ഇല്ലായെങ്കിൽ ഇങ്ങനെ ചെയ്തതിനെക്കുറിച്ച് അന്വേഷണം നടത്തി നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly